**ഭൂമിക്കു പുറത്ത് ചില തീർഥാടനങ്ങൾ നടത്താനും ചില സത്രങ്ങൾ പണിയാനും മനുഷ്യന് സാധിച്ചേക്കാമെങ്കിലും ഭൂമിയിൽനിന്ന് പൂർണമായി അറുത്തുമാറ്റിയ ഒരസ്തിത്വം നിലനിർത്താൻ സാധിക്കുകയില്ല. ഭൂമിക്കു പുറത്തുള്ള അധിവാസശ്രമങ്ങൾക്ക് പോലും ഭൂമിയിലുള്ള വിഭവങ്ങൾ ആവശ്യമാണ്. ഭൂമികേന്ദ്രീകൃതമായ ഒരു നാഗരികതയെ കെട്ടിപ്പടുക്കാനേ മനുഷ്യന് സാധിക്കൂ.**

# ഖുർആനും മനുഷ്യനും

## തഫ്സൽ ഇഅ്ജാസ്

"അല്ലാഹു ആകാശത്തെയും ഭൂമിയെയും യാഥാർഥ്യത്തോടു (ഹഃഖ്) കൂടി സൃഷ്ടിച്ചിരിക്കുന്നു. ഓരോ ആത്മാവിനും അത് സമ്പാദിച്ചതിന്റെ പ്രതിഫലം നൽകപ്പെടേണ്ടതിനാകുന്നു അങ്ങനെ ചെയ്തത്. മനുഷ്യരോട് അശേഷം അനീതിയുണ്ടാകുന്നതല്ല" (*അൽജാസിയഃ* 22).

ആകാശഭൂമികളടങ്ങുന്ന പ്രാപഞ്ചികസംവിധാനത്തിന്റെ സുപ്രധാന തേട്ടങ്ങളിലൊന്നാണ് മനുഷ്യൻ. ആകാശഭൂമികളുടെ സംവിധാനം തന്നെ മനുഷ്യന്റെ ഉണ്മയുടെ താൽപര്യങ്ങളെ കണക്കിലെടുത്തുകൊണ്ടാണെന്ന് ഖുർആൻ ഉണർത്തുന്നു. അതിനനുസരിച്ച് ഇവയിലുള്ള സകലതിനെയും പാകപ്പെടുത്തിയിരിക്കുന്നു. പ്രപഞ്ചത്തിന്റെ അർഥവും യുക്തിയും നിരാകരിച്ച ഭൗതികശാസ്ത്രപഠനം മനുഷ്യനെ സ്വന്തം ഉണ്മ പോലും തിരിച്ചറിയാൻ സാധിക്കാത്ത അസ്തിത്വപ്രതിസന്ധിയിലേക്കെത്തിച്ചതാണ് വർത്തമാനകാലാനുഭവം. ആധുനിക ദർശനങ്ങളും ശാസ്ത്രവും നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിലൊന്ന്. വേർതിരിക്കപ്പെട്ട വസ്തുനിഷ്ഠതയുടെയും ആത്മനിഷ്ഠയുടെ അനുഭവമണ്ഡലത്തിന്റെയും സംയോജനമാണ്. ആധുനികദർശനങ്ങളിലും ശാസ്ത്രത്തിലും ഇത്തരത്തിലുള്ള ശ്രമങ്ങളെ ഇന്ന് നമുക്ക് കാണാൻ സാധിക്കും. സ്വന്തം ഉണ്മയെ നേടിയെടുക്കാനുള്ള നെട്ടോട്ടത്തിലാണ് ആധുനികമനുഷ്യൻ. ഒരൊറ്റ ഏകകമായ മനുഷ്യന്റെ അസ്തിത്വത്തെ പലതായി വിഭജിച്ച് വിശകലനം ചെയ്ത് പഠിക്കാൻ ശ്രമിച്ച ആധുനിക വൈജ്ഞാനികശാഖകൾക്ക്, ഈ കഷ്ണങ്ങളെ കൂട്ടിയോജിപ്പിച്ച് മനുഷ്യത്വത്തെ പുനഃസൃഷ്ടിക്കാൻ സാധിക്കാതെപോകുന്നു. ഈയൊർഥത്തിൽ തകർക്കപ്പെട്ട മനുഷ്യത്വമാവട്ടെ, മുന്നോട്ടുള്ള ഗമനത്തിൽ കൂടുതൽ ശിഥിലീകരണവിധേയമാകുന്നു. മനുഷ്യനെ കീറിമുറിച്ച് പരിശോധിച്ചാൽ അവന്റെ ആത്മാവിനെ കണ്ടെത്താൻ സാധിക്കുകയില്ല എന്ന സാമാന്യമായ യുക്തിയിലേക്ക് വലിയ വില നൽകിക്കൊണ്ട് നാം എത്തിച്ചേർന്നിരിക്കുകയാണ്. സകലതിന്റെയും അപമാനവീകരണം എന്ന അവസ്ഥ ഉളവാകുന്നത് ഇങ്ങനെയാണ്. മനുഷ്യന്റെ അസ്തിത്വവും പ്രവർത്തനങ്ങളും പ്രാപഞ്ചികസംവിധാനത്തിൽ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ മുമ്പിൽവച്ചുകൊണ്ട്, ഭൂമിയിലും പ്രപഞ്ചത്തിലും അല്ലാഹു മനുഷ്യന് നൽകിയ സവിശേഷമായ പദവിയെയും അധികാരത്തെയും കഴിവുകളെയും നിരാകരിക്കുന്നതായ ഒരു ബൗദ്ധികപ്രവണതയും വളർന്നുവരുന്നുണ്ട്. കൊളോണിയൽ -നവകൊളോണിയൽ അധിനിവേശങ്ങളുടെ സാമ്പത്തിക-സാംസ്കാരിക-വികസനപദ്ധതികളെ ചോദ്യംചെയ്യുന്ന ബൗദ്ധികപ്രവണതകളുടെ കേന്ദ്രസ്ഥാനത്ത് മനുഷ്യന്റെ ദൈവനിർണിതമായ അസ്തിത്വത്തിന്റെ നിരാകരണത്തെ പ്രതിഷ്ഠിക്കാനാണ് ഇവർ ശ്രമിക്കുന്നത്. ഉത്തരാധുനിക ചിന്താരീതിയുടെ പൊതുസ്വഭാവം ഇതാണ്. മനുഷ്യനടക്കമുള്ള യാതൊന്നിന്റെയും യാഥാർഥ്യവും ധർമവും ഉത്ഭവവും പര ിണതിയും മനുഷ്യനിർമിതദർശനങ്ങൾക്ക് കണ്ടെത്താൻ സാധിക്കുകയില്ല എന്ന ചരിത്രപരമായ തിരിച്ചറിവിലേക്ക് നാം എത്തിച്ചേർന്നിരിക്കുകയാണ്. ഈ പ്രതിസന്ധി വെളിവായിക്കൊണ്ടിരുന്ന ഘട്ടത്തിലാണ് മാർക്സിനെപ്പോലുള്ള ചിന്തകർ സാമൂഹികമായ ഇടപെടലിന്റെയും വിമോചനത്തിന്റെയും വിപ്ലവത്തിന്റെയും ലക്ഷ്യങ്ങൾ മനുഷ്യചിന്തയിൽ വച്ചുകെട്ടുന്നത്. ഇന്ന് ആ സാധ്യതയും മരിച്ച് മണ്ണടിഞ്ഞുകൊണ്ടിരിക്കുകയാണ്. മനുഷ്യചിന്തയ്ക്കു പുറമെയുള്ള ഏകസ്രോതസ്സിൽനിന്ന് യാഥാർഥ്യത്തെയും ധർമത്തെയും കുറിച്ച ശരിയായ അവബോധം ലഭ്യമായാൽ ആ അവബോധത്തിലധിഷ്ഠിതമായി ചിന്തയെയും കർമത്തെയും വികാരത്തെയും മനുഷ്യത്വത്തിന്റേതായ മറ്റെല്ലാറ്റിനെയും ആവിഷ്കരിച്ച് മഹത്തായ ഒരു നാഗരികത കെട്ടിപ്പടുക്കാം എന്നതല്ലാത്ത മറ്റൊരു ശുഭോദർക്കമായ സാധ്യതയും നമ്മുടെ മുന്നിലില്ല. ശുദ്ധമായ ദൈവികമാർഗദർശനത്തിൽ മാത്രം കെട്ടിപ്പടുക്കപ്പെട്ട

ഏകമതവും ദർശനവുമായ ഇസ്‌ലാം ആവശ്യപ്പെടുന്നത് ഈയൊരു ദൗത്യം ഏറ്റെടുക്കാനുള്ള അതിന്റെ അവകാശത്തെയാണ്. ഈയൊരവകാശം നിഷേധിക്കപ്പെടലാണ് ചരിത്രത്തിലെ ഏറ്റവും വലിയ മനുഷ്യാവകാശലംഘനം. നവസാമ്രാജ്യത്വ-നാഗരികവ്യവസ്ഥയിൽ അവകാശങ്ങൾ നിഷേധിക്കപ്പെട്ട് ഞെരിഞ്ഞമർന്നുകൊണ്ടിരിക്കുന്ന മനുഷ്യനടക്കമുള്ള സകല ജീവനുള്ളതും ജീവനില്ലാത്തതുമായ അല്ലാഹുവിന്റെ സൃഷ്ടികളുടെ വിമോചനത്തിന്റെ പ്രതീക്ഷയെ തകർക്കാൻ ശ്രമിക്കലാണത്.

മനുഷ്യന്റെ യാഥാർഥ്യമെന്ത് എന്നത് ദൈവം പഠിപ്പിച്ചുതരണം. അല്ലാഹു മനുഷ്യനെ വിശേഷിപ്പിച്ചത്, ഭൂമിയിലെ ഖലീഫ എന്നാണ്. ഭൂമിയുമായി അഭേദ്യമായി ബന്ധപ്പെടുത്തിക്കൊണ്ടാണ് മനുഷ്യന്റെ അസ്തിത്വത്തെ നിർവചിച്ചിട്ടുള്ളത്: "ഭൂമിയിലുള്ളതെല്ലാം നിങ്ങൾക്കുവേണ്ടി സൃഷ്ടിച്ചത് അവനാണ് (അല്ലാഹു)" (*അൽബഖറഃ* 29). "അതിൽനിന്ന് (ഭൂമി) നാം നിങ്ങളെ സൃഷ്ടിച്ചു, അതിലേക്ക് നാം നിങ്ങളെ മടക്കും. മറ്റൊരു വേളയിൽ അതിൽനിന്നുതന്നെ നാം നിങ്ങളെ ഉയിർത്തെഴുന്നേൽപ്പിക്കുകയും ചെയ്യും" (*ത്വാഹാ*: 55).

ഭൂമിക്കു പുറത്ത് ചില തീർഥാടനങ്ങൾ നടത്താനും ചില സത്രങ്ങൾ പണിയാനും മനുഷ്യന് സാധിച്ചേക്കാമെങ്കിലും ഭൂമിയിൽനിന്ന് പൂർണമായി അറുത്തുമാറ്റിയ ഒരസ്തിത്വം നിലനിർത്താൻ സാധിക്കുകയില്ല. ഭൂമിക്കു പുറത്തുള്ള അധിവാസശ്രമങ്ങൾക്ക് പോലും ഭൂമിയിലുള്ള വിഭവങ്ങൾ ആവശ്യമാണ്. ഭൂമികേന്ദ്രീകൃതമായ ഒരു നാഗരികതയെ കെട്ടിപ്പടുക്കാനേ മനുഷ്യന് സാധിക്കൂ. മനുഷ്യന്റെ സകല ആവിഷ്കാരങ്ങളുടെയും അടിസ്ഥാനനിദാനം അവന് അല്ലാഹു നൽകിയ ഖലീഫ എന്ന പദവിയാണ്. ഖിലാഫത്ത് എന്ന് വിവക്ഷിക്കുന്നത് മനുഷ്യന്റെ ആവിഷ്കരണങ്ങളുടെ അന്തസ്സത്തയെയാണ്. ഖുർആൻ വ്യക്തിയെയും സമൂഹത്തെയും ഖലീഫ എന്ന് അഭിസംബോധന ചെയ്തിട്ടുണ്ട്:

"ദാവൂദേ, നിശ്ചയമായും താങ്കളെ നാം ഭൂമിയിൽ ഖലീഫയായി നിയോഗിച്ചിരിക്കുന്നു. അതിനാൽ സത്യത്തോടും നീതിയോടും കൂടി ജനങ്ങൾക്കിടയിൽ വിധികൽപ്പിക്കുക, സ്വന്തം ദേഹേഛയെ പിന്തുടർന്നുപോകരുത്. കാരണം അത് താങ്കളെ അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് വ്യതിചലിപ്പിച്ചുകളയും. തീർച്ചയായും അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് വ്യതിചലിച്ചുപോകുന്നവർക്ക് കടുത്ത ശിക്ഷയാണ്. കാരണം അവൻ കണക്കെടുപ്പിന്റെ ദിവസത്തെ മറന്നുകളഞ്ഞു" (*സ്വാദ്*:26).

"അവനാണ് നിങ്ങളെ ഭൂമിയിൽ ഖലീഫമാരായി നിയോഗിച്ചിരിക്കുന്നത്. നിങ്ങളിൽ ചിലരെ മറ്റു ചിലരേക്കാൾ പദവികളിൽ ഉയർത്തിയിരിക്കുന്നു. നിങ്ങൾക്ക് നൽകിയതിൽ നിങ്ങളെ പരീക്ഷിക്കാൻ....." (*അൽഅൻആം*: 165).

"അവർക്കു ശേഷം (മുൻകഴിഞ്ഞു പോയ തലമുറകൾ) നിങ്ങളെ ഭൂമിയിൽ ഖലീഫമാരാക്കിയിരിക്കുന്നു. നിങ്ങളെങ്ങനെയാണ് പ്രവർത്തിക്കുന്നത് എന്ന് നമുക്ക് കാണാൻ വേണ്ടി....." (*യൂനുസ്*: 14).

"ആദ്സമൂഹത്തിനു ശേഷം നിങ്ങളെ (സമൂദ് ഗോത്രത്തെ) അവൻ (അല്ലാഹു) ഖലീഫമാരായി നിയോഗിച്ചതും ഭൂമിയിൽ പാർപ്പിടസൗകര്യം ഒരുക്കിത്തന്നതും ഓർക്കുക. സമതലങ്ങളിൽ നിങ്ങൾ കൊട്ടാരങ്ങൾ പണിയുന്നു. പർവതങ്ങൾ തുരന്ന് വീടുകളുണ്ടാക്കുന്നു. അതിനാൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെക്കുറിച്ച് ഓർക്കുക. ഭൂമിയിൽ കുഴപ്പം (ഫസാദ്) ഉണ്ടാക്കി നടക്കരുത്" (*അൽഅഅ്റാഫ്*: 74).

ഖിലാഫത്ത് ഒരു നിയോഗമാണ്. ഓരോ വ്യക്തിയുടെയും സമൂഹത്തിന്റെയും ജനനം ഭൗതികമായ ചില പ്രക്രിയകളുടെ പരിണതിയായല്ല നാം കാണേണ്ടത്. മറിച്ച്, അല്ലാഹുവിന്റെ ഭൂമിയിലേക്കുള്ള നിയോഗിച്ചയക്കലായാണ്. അതുപോലെ അന്ത്യം അല്ലെങ്കിൽ മരണം എന്നത് ഈ നിയോഗത്തിൽനിന്നുള്ള നീക്കലാണ്. ദൈവികമാർഗത്തിൽ, ദൈവികദീനിനനുസൃതമായി ചരിക്കലാണ് ഈ നിയോഗത്തിന്റെ ലക്ഷ്യം. മനുഷ്യന്റെ പ്രകൃതിയുടെ തേട്ടമാണത്. അല്ലാഹു ഖുർആനിൽ, മനുഷ്യർ ജീവിതത്തിൽ ഏറ്റെടുക്കേണ്ട ദീനിനെ വിശേഷിപ്പിച്ചിട്ടുള്ളത് അവരുടെ സൃഷ്ടിപ്രകൃതി (ഫിത്വ്റഃ)തന്നെയായിട്ടാണ്. ദീൻ മനുഷ്യപ്രകൃതിയുടെ ശരിയായ താൽപര്യത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്. ഖലീഫ എന്ന രീതിയിലുള്ള ആദംനബിയുടെ ഭൂമിയിലേക്കുള്ള നിയോഗം, ദൈവികമാർഗദർശനത്തോടു (ഹിദായത്ത്)കൂടി മാത്രമാണ്. ദാവൂദ് നബിയോടും ഇതുതന്നെയാണ് അല്ലാഹു പറയുന്നത്. സത്യവിശ്വാസികൾക്ക് അവരുടെ ദീൻ നടപ്പിലാക്കാൻ ഭൂമിയിൽ ഖിലാഫത്ത് നൽകും എന്നാണ് ഖുർആനിൽ മറ്റൊരിടത്ത് പറയുന്നത്. പ്രവാചകന്മാരെയും ദിവ്യമാർഗദർശനത്തെയും നൽകിക്കൊണ്ട് ഖിലാഫത്ത് സമൂഹങ്ങൾക്ക് ഏൽപിച്ചുകൊടുക്കുന്നു എന്ന രീതിയിലാണ് മുൻകാലസമൂഹങ്ങളുടെ ഉത്ഭവത്തെയും വളർച്ചയെയും ഖുർആൻ വിശേഷിപ്പിച്ചിട്ടുള്ളത്. ഒരു സമൂഹത്തിന്റെ ഉത്ഥാനവും പതനവും അവരുടെ സാമൂഹികമായ ഖിലാഫത്തിന്റെ ഉത്ഥാനവും പതനവുമാണ്. ആധുനിക ലോകസമൂഹത്തെയാണ് ഇപ്പോൾ ഖിലാഫത്ത് ഏൽപ്പിക്കപ്പെട്ടിട്ടുള്ളത്. അവർക്ക് ഒരു പ്രവാചകനെയും ദിവ്യഗ്രന്ഥത്തെയും നൽകുകയും ചെയ്തിട്ടുണ്ട്; നമ്മൾ എങ്ങനെയാണ് പ്രവർത്തിക്കുന്നത് എന്ന് അല്ലാഹു പരീക്ഷിച്ചറിയാൻ. ആഗോളസ്വഭാവത്തിലുള്ളതും നാഗരികമാനമുള്ളതുമായ ഖിലാഫത്തിന്റെ ആവിഷ്കാരമാണ് അന്ത്യപ്രവാചകന്റെ ഉമ്മത്തിന് (ആഗോളസമൂഹം) നിർവഹിക്കാനുള്ളത്. ദീനിലധിഷ്ഠിതമായല്ലാതെ ഈ ആവിഷ്കാരത്തിന് സ്വാതന്ത്ര്യം അനുവദിക്കപ്പെട്ടിട്ടില്ല. മനുഷ്യന്റെ സ്വഛപ്രകൃതി ഹിദായത്തില്ലാതെത്തന്നെ ചിലപ്പോൾ നന്മയെ ആവിഷ്കരിച്ചെന്നുവരാം. എന്നാൽ, വളരെ പെട്ടെന്നു തന്നെ പൈശാചികപ്രലോഭനത്താൽ, സ്വന്തം ദേഹേഛയ്ക്കടിപ്പെട്ട് വ്യതിചലിച്ചുപോകും. ദീനിലധിഷ്ഠിതമല്ലാത്ത എല്ലാ ആവിഷ്കാരങ്ങളുടെയും പരിണതി, അവ അവിടെയവിടെയായി നന്മയുടെ ഒളിവെട്ടങ്ങൾ പ്രദർശിപ്പിച്ചാലും ശരി, ആത്യന്തികമായി നാശത്തിലേക്ക് മാത്രമായിരിക്കും. മനുഷ്യനെ അവന്റെ പ്രകൃതിയിലും ഖിലാഫത്തിലും സ്ഥായിയായി നിലനിർത്താൻ ഹിദായത്ത് അനിവാര്യമാണ്. ഹിദായത്തില്ലാതെ ഒരു വ്യക്തിയും സമൂഹവും ഖലീഫമാരാകുന്നില്ല. ദീനില്ലാത്ത പ്രകൃതി ഒരു വസ്തുവിനും ഇല്ല എന്നതുപോലെത്തന്നെയാണത്. ആധുനികകാലഘട്ടത്തിൽ, ദീനിനു പുറത്തായിക്കൊണ്ട് പല സമൂഹങ്ങളും പലതരം നാഗരികശേഷികളുമായി (Civilizational Capability) നിലനിൽക്കുന്നുണ്ട് എന്ന് നമുക്ക് തോന്നുന്നു. അതിനാൽതന്നെ, ഖിലാഫത്ത് എന്നത് ദീനിന്നതീതമായ മനുഷ്യന്റെ നിലനിൽപ്പിനെയാണ് പ്രതിനിധാനം ചെയ്യുന്നത് എന്ന ധാരണ നിലനിൽക്കുന്നുണ്ട്. ഇതിന്റെ യാഥാർഥ്യം നാം ശരിക്കും തിരിച്ചറിയേണ്ടതുണ്ട്. ഇക്കാലഘട്ടത്തിലെ പല സമൂഹങ്ങളും നാഗരികശേഷിക

**മനുഷ്യന്റെ യാഥാർഥ്യമെന്ത് എന്നത് ദൈവം പഠിപ്പിച്ചുതരണം. അല്ലാഹു മനുഷ്യനെ വിശേഷിപ്പിച്ചത്, ഭൂമിയിലെ ഖലീഫ എന്നാണ്. ഭൂമിയുമായി അഭേദ്യമായി ബന്ധപ്പെടുത്തിക്കൊണ്ടാണ് മനുഷ്യന്റെ അസ്തിത്വത്തെ നിർവചിച്ചിട്ടുള്ളത്**

ളെല്ലാം നഷ്ടപ്പെട്ട് നാശോന്മുഖമായിക്കൊണ്ടിരിക്കുന്നുണ്ട്. പല തരത്തിലാണ് ഇവർ നശിച്ചുകൊണ്ടിരിക്കുന്നത്, ഒറ്റയടിക്ക് ഉന്മൂലനാശം ചെയ്യപ്പെടുന്നവരായും ക്രമേണയായി നാശത്തിലേക്ക് നീങ്ങുന്നവരായും മറ്റു പല സമൂഹങ്ങളിലേക്ക് ലയിപ്പിക്കപ്പെടുന്നവരായുമൊക്കെ. ഈ സമൂഹങ്ങളുടെയൊക്കെ സാമൂഹികമായ ഖിലാഫത്ത് എടുത്തുമാറ്റപ്പെടുകയാണിന്ന്.

ഇതിനുപുറമെ സകലമാന നാഗരികശേഷിയോടും കൂടി നിലനിൽക്കുന്ന, ഇപ്പോൾ പാശ്ചാത്യആധിപത്യത്തിനു കീഴിലുള്ള ഒരു ആഗോള സമൂഹം ആവിർഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇവരുടെ നിലനിൽപ്പിന്റെയും ശേഷികളുടെയും നിദാനം, ഇവർക്ക് ഖിലാഫത്ത് ഏൽപിച്ചുകൊടുത്തു എന്നതാണ്; പ്രവാചകചര്യയോടും (മുഹമ്മദ്നബിയുടെ) ദിവ്യഗ്രന്ഥത്തോടുമൊപ്പം (ഖുർആൻ). എന്നാൽ, ഈ സമൂഹവും ഈയൊരടിസ്ഥാനത്തിലുള്ള ധർമം നിർവഹിക്കാൻ തയാറാവുന്നില്ലെങ്കിൽ, നാശോന്മുഖമായിത്തീരുകതന്നെ ചെയ്യും. അങ്ങനെ പുനഃക്രമീകരിക്കപ്പെട്ട മറ്റൊരു ലോകസമൂഹത്തിന് ഖിലാഫത്തിന്റെ ദൗത്യം ഏൽപിക്കപ്പെടുകതന്നെ ചെയ്യും. ദീനിലധിഷ്ഠിതമായ ഖിലാഫത്തിനപ്പുറം, ഒരു വ്യക്തിയിലും സമൂഹത്തിലും ദൃശ്യമാവുന്ന ജാഹിലീവളർച്ചകൾ ഗുരുതരമായ പ്രതിസന്ധികളിലേക്കെത്തിക്കും.

ഇനി ഈ ഖിലാഫത്തിന്റെ ആന്തരികയാഥാർഥ്യം എന്ത് എന്ന് ആലോചിക്കാം. ഖിലാഫത്ത് എന്ന വാക്കിൽ അന്തർഭവിച്ചിരിക്കുന്ന ഭാഷാപരമായ അർഥസാധ്യതകളെ അവയുടെ എല്ലാ വൈപുല്യത്തിലും ഖുർആനിലെ സൂക്തങ്ങൾതന്നെ സ്ഥിരീകരിക്കുന്നുണ്ട്. ഖുർആന്റെ ഏറ്റവും നല്ല തഫ്സീർ (വ്യാഖ്യാനം) ഖുർആൻതന്നെയാണ്.

ഖിലാഫത്ത് എന്ന വാക്കിൽ അധികാരം, പ്രാതിനിധ്യം, നേതൃത്വം, പിന്തുടർച്ച, പുനരുജ്ജീവനം, വൈവിധ്യം, വ്യത്യാസം, പൈതൃകം, പ്രതിഫലം എന്ന് തുടങ്ങിയ അർഥസാധ്യതകളെല്ലാം ഉൾച്ചേർന്നിരിക്കും. ഓരോ അർഥത്തിലുമുള്ള ആവിഷ്കാരസാധ്യതകളെ ഖലീഫ പ്രതിനിധാനം ചെയ്യുന്നുണ്ട്. അതിനു തക്കതായ സ്വഭാവത്തിലാണ് പ്രപഞ്ചഘടനയെ മൊത്തത്തിൽ സംവിധാനിച്ചിരിക്കുന്നത്:

**മനുഷ്യനെ അവന്റെ പ്രകൃതിയിലും ഖിലാഫത്തിലും സ്ഥായിയായി നിലനിർത്താൻ ഹിദായത്ത് അനിവാര്യമാണ്. ഹിദായത്തില്ലാതെ ഒരു വ്യക്തിയും സമൂഹവും ഖലീഫമാരാകുന്നില്ല.**

"ആകാശഭൂമികളിലുള്ള സകലതും നിങ്ങൾക്കുവേണ്ടി അല്ലാഹു വിധേയമാക്കിത്തന്നിട്ടുള്ളതും അനുഗ്രഹങ്ങൾ പൂർണമാക്കിത്തന്നിട്ടുള്ളതും നിങ്ങൾ കാണുന്നില്ലേ? (*ലുഖ്മാൻ*: 20). "ഭൂമിയിലുള്ള സകലതും നിങ്ങൾക്കുവേണ്ടി സൃഷ്ടിച്ചിട്ടുള്ളത് അവനാകുന്നു" (*അൽബഖറ*: 29).

ഇവയൊക്കെ തിരിച്ചറിയാനുള്ള ബുദ്ധിയും (അഖ്ൽ) ഉപയോഗപ്പെടുത്താനുള്ള അധികാരവും മനുഷ്യന് നൽകിയിട്ടുണ്ട്. എന്നാൽ, ഈ അറിവും അധികാരവും കേവലമായ മാനുഷികഗുണങ്ങളല്ല. മനുഷ്യനിലെ നന്മതിന്മയ്ക്കുള്ള സാധ്യത തീരെയില്ലാതായിത്തീരുന്നതോടുകൂടി ഇവയൊക്കെ എടുത്തുമാറ്റപ്പെടും. മനുഷ്യന്റെ ഖിലാഫത്ത്പദവിയുടെ ഏറ്റവും സുപ്രധാനമായ ഗുണമാണ് അറിവ്. ഇത്രത്തോളം അധികാരവും സ്വതന്ത്രമായ ഇഛാശക്തിയും നൽകപ്പെട്ട മനുഷ്യൻ ഭൂമിയിൽ കുഴപ്പം (ഫസാദ്) സൃഷ്ടിക്കുകയും രക്തം ചിന്തുകയും ചെയ്യുകയില്ലേ എന്ന് മലക്കുകൾ, ഭൂമിയിൽ ഖലീഫയെ നിശ്ചയിക്കുന്നു എന്ന് അല്ലാഹു പ്രഖ്യാപിച്ചപ്പോൾ ചോദിക്കുന്ന ഒരു സന്ദർഭം ഖുർആനിലുണ്ട്. മനുഷ്യനാഗരികതയുടെ ഏറ്റവും വലിയ രണ്ട് മൗലിക പ്രതിസന്ധികളാണ് ഭൂമിയിലുള്ള ഫസാദും രക്തംചിന്തലും. അമേരിക്കൻ പരിണാമ ജൈവശാസ്ത്രകാരനായ ജാറദ് ഡയമണ്ട് (Jared Diamond), അദ്ദേഹത്തിന്റെ 'The Rise and Fall of the Third Chimpanzee' (മൂന്നാം ചിമ്പാൻസിയുടെ ഉത്ഥാനവും പതനവും) എന്ന ഗ്രന്ഥത്തിൽ മനുഷ്യവംശത്തിന്റെയും ആധുനികനാഗരികതയുടെയും ഉന്മൂലനാശം തന്നെ ഈ രണ്ട് മനുഷ്യനിർമിത പ്രതിസന്ധികൾകൊണ്ട് ഉണ്ടായിത്തീരും എന്ന് സമർഥിക്കാൻ ശ്രമിക്കുന്നുണ്ട്. വംശഹത്യയും ഭൂമിയുടെ ആവാസവ്യവസ്ഥ തകർക്കലും മറ്റൊരു ജീവിയും നടത്താറില്ല എന്ന് അദ്ദേഹം പറയുന്നു. മനുഷ്യനെ പരിണാമശൃംഖലയിലെ മൂന്നാമത്തെ ചിമ്പാൻസിയായാണ് അദ്ദേഹം വിശേഷിപ്പിക്കുന്നത്. ഏതാണ്ട് ഏഴു മില്യൺ വർഷങ്ങൾക്കു മുമ്പ് ഒരു തരം ആഫ്രിക്കൻ ആൾക്കുരങ്ങുകൾ പരിണാമത്തിലൂടെ മൂന്നായി വേർപിരിഞ്ഞു. അതിലൊരു വിഭാഗം ഗൊറില്ലകളായും മറ്റൊരു വിഭാഗം രണ്ടുതരം ചിമ്പാൻസികളായും മൂന്നാമത്തെ വിഭാഗം മനുഷ്യനായും പരിണമിച്ചു. പരിണാമശൃംഖലയിൽ ഈ രണ്ട് ചിമ്പാൻസികളും മനുഷ്യനും തമ്മിലുള്ള ജനിതകമായ വ്യത്യാസം (Genetic Distance) വളരെ കുറവായതിനാലും മനുഷ്യന്റെയും ചിമ്പാൻസിയുടെയും പരിണാമം വളരെ അടുത്തടുത്ത് നടന്നതിനാലുമത്രെ മനുഷ്യനെ അദ്ദേഹം മൂന്നാം ചിമ്പാൻസി എന്ന് വിശേഷിപ്പിക്കുന്നത്. മനുഷ്യന്റെ ഉൽപത്തിയെയും ഉന്മൂലനാശത്തെയും കുറിച്ച് ഭൗതികവാദപരമായ പരിണാമാത്മകദർശനമാണ് അദ്ദേഹം മുന്നോട്ടുവയ്ക്കുന്നത്. മനുഷ്യൻ അവന്റെ ആരംഭം മുതൽ ഇന്നുവരെ ഈ രണ്ട് കുഴപ്പങ്ങൾ സൃഷ്ടിക്കുന്നതിൽ മുന്നേറിക്കൊണ്ടിരിക്കുന്നതായി വ്യത്യസ്ത നാഗരികതകളെ പരിശോധിച്ചുകൊണ്ട് അദ്ദേഹം നിരീക്ഷിക്കുന്നു. പ്രപഞ്ചത്തിന്റെയും ജീവിവർഗങ്ങളുടെയും ഉത്ഭവത്തെയും നാശത്തെയും കുറിച്ച് പരിണാമാത്മകമായ കാഴ്ചപ്പാടാണ് ആധുനികശാസ്ത്രം മുന്നോട്ടുവയ്ക്കുന്നത്.

മലക്കുകളുടെ ചോദ്യത്തിന് മറുപടിയെന്നോണമാണ് ആദമിന് ജ്ഞാനം നൽകിയതിനെ ഖുർആനിൽ അവതരിപ്പിക്കുന്നത്. അതായത്, ജ്ഞാനത്തോടു കൂടിയാണ് മനുഷ്യൻ അല്ലാഹുവിന്റെ സൃഷ്ടികളുമായി ഇടപഴകുന്നതെങ്കിൽ ഭൂമിയിൽ ഈ പറഞ്ഞ കുഴപ്പങ്ങൾ സംഭവിക്കുകയില്ല. എന്നാൽ, വൈജ്ഞാനികമായി മനുഷ്യൻ ഏറ്റവുമധികം ഉന്നതി പ്രാപിച്ചുവെന്ന് അവകാശപ്പെടുന്ന ഈ കാലഘട്ടത്തിലാണ് ഈ പ്രശ്നങ്ങൾ ഏറ്റവും രൂക്ഷമായിത്തീർന്നിട്ടുള്ളത്, അതും ആധുനികകാലഘട്ടത്തിലെ വിജ്ഞാനങ്ങളിൽ കെട്ടിപ്പടുക്കപ്പെട്ട സാമൂഹിക സാമ്പത്തിക രാഷ്ട്രീയ സാംസ്കാരികവ്യവസ്ഥകളും സാങ്കേതികവിദ്യകളും വികസനക്രമങ്ങളും അല്ലാഹുവിന്റെ സൃഷ്ടികളുടെ മേൽ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുമ്പോൾ. അതായത്, ഖിലാഫത്തിന്റെ സർവവിധ ശേഷികളും സ്വാതന്ത്ര്യവും അധികാരവും ലഭിച്ച മനുഷ്യൻ, അല്ലാഹുവിന് കീഴ്പ്പെട്ട് ഭൂമിയിൽ കുഴപ്പങ്ങൾ സൃഷ്ടിക്കാതിരിക്കാൻ അനിവാര്യമായ ഘടകം അറിവ് ആകുന്നു. എന്നാൽ, ആ അറിവ് തന്നെയാണ് ഇന്ന് ഈ പ്രശ്നങ്ങളുടെയെല്ലാം മൂലഹേതുവായി ഭവിച്ചിട്ടുള്ളത്. ഈയൊരു സമസ്യ ആധുനികവിജ്ഞാനങ്ങളുടെ ജ്ഞാനനിർമാണശാസ്ത്രത്തെ (Epistemology)ക്കുറിച്ച് ആഴത്തിൽ ചിന്തിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. പാശ്ചാത്യ നവോത്ഥാനത്തിന്റെയും അതോടൊപ്പം ആവിർഭവിച്ച ആധുനികവിജ്ഞാനങ്ങളുടെയും രൂപീകരണത്തിൽ ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും സ്വാധീനം തീരെയില്ലാ എന്ന് വാദിക്കാനാവില്ല. എന്നാൽ, ഇവയുടെ മൗലിക സവിശേഷതകൾ ഇസ്‌ലാമിന്റേതാണെന്നും അതിനാൽതന്നെ അവയെ അപ്പാടെത്തന്നെ ഇസ്‌ലാമിന്റെ ലക്ഷ്യങ്ങൾക്കു വേണ്ടി ഉപയോഗപ്പെടുത്താം എന്നും ചിന്തിക്കുന്നത് ശരിയല്ല. ആധുനികവിജ്ഞാനങ്ങളുടെ, വിശിഷ്യാ ശാസ്ത്രത്തിന്റെ മൗലികമായ സവിശേഷതകൾ നിർണയിച്ചുനൽകിയതിൽ പ്രമുഖനായി കണക്കാക്കപ്പെടുന്ന വ്യക്തിയാണ് ഫ്രാൻസിസ് ബേക്കൺ (ക്രി. 1561–1626). അദ്ദേഹത്തിന്റെ Ad-

vancement of Learning എന്ന പുസ്തകത്തിൽ പറയുന്നു: "മനുഷ്യന്റെ പ്രകൃതിക്ക് അനുയോജ്യമായത്, സകല സൃഷ്ടികൾക്കും പറുദീസയിൽവച്ച് പേരു നൽകാൻ അവനെ പര്യാപ്താക്കിയ പ്രകൃതിയെക്കുറിച്ച ശുദ്ധജ്ഞാനമല്ല, മറിച്ച് ദൈവത്തെ ആശ്രയിക്കാതെത്തന്നെ മനുഷ്യന് സ്വയം നിയമങ്ങൾ നിർമിച്ചു നൽകാൻ അവനെ പര്യാപ്തമാക്കുന്ന ഗർവോടുകൂടിയുള്ള നന്മയെയും തിന്മയെയും കുറിച്ചുള്ള ജ്ഞാനമാണ്" (പേജ്: 186).

ആധുനികവിജ്ഞാനങ്ങളെ സൃഷ്ടിക്കുന്ന ജ്ഞാന നിർമാണശാസ്ത്രത്തിലെ പൈശാചികമായ കുയുക്തികൾ തിരിച്ചറിയപ്പെടേണ്ടതുണ്ട്. ഇന്ന് നാം യുക്തിസഹം എന്ന് വിശേഷിപ്പിക്കുന്നവയുടെപോലും ദാർശനികമായ ഉള്ളടക്കം പരിശോധിക്കപ്പെടേണ്ടതാണ്. ഒരുകാലത്ത് ഖുർആനിന് ഈയൊരർഥത്തിലുള്ള 'യുക്തിസഹമായ' വ്യാഖ്യാനങ്ങൾ നൽകാൻ ചിലർ ശ്രമിച്ചതിന്റെ അനുഭവം നമ്മുടെ മുമ്പിലുണ്ടല്ലോ. യുക്തി എന്നത് ഒരു രീതിശാസ്ത്രം എന്നതിനേക്കാളുപരി, പ്രത്യയശാസ്ത്രപരമായ ഉള്ളടക്കത്തോടു കൂടിയ ഒരു വിശകലന രീതിയാണ്. ഖുർആനിനെ, ഖുർആനികമായ യുക്തിയോടെയല്ലാതെ ഖുർആനിനു വിരുദ്ധമായ യുക്തിയോടെ വ്യാഖ്യാനിക്കാൻ ശ്രമിച്ചപ്പോഴാണ് മോഡേണിസ്റ്റ്‌വ്യാഖ്യാനങ്ങൾ ജന്മം കൊണ്ടത്. 'ആധുനിക'മായ 'യുക്തി'യുടെയും 'ശാസ്ത്രീയത'യുടെയും സ്വാധീനം ഇന്നും ശക്തമായി നിലനിൽക്കുന്നുണ്ട്.

പൈശാചികതയുടെയും അതിന്റെ അനന്തരഫലമായ എല്ലാ തിന്മകളുടെയും ഉത്ഭവം മനുഷ്യന്റെ ഖിലാഫത്തിനോടുള്ള ശത്രുതയിൽനിന്നാണല്ലോ. ആ ശത്രുതയുടെ ഫലമായി, ഖിലാഫത്തിന്റെ നേരത്തേ പറഞ്ഞ വ്യക്തിപരവും സാമൂഹികവുമായ ഉദാത്ത ആവിഷ്കാരങ്ങളെ അട്ടിമറിക്കാനും തകർത്തുകളയാനുമുള്ള ദൗത്യം ഏറ്റെടുത്തവനാണ് ഇബ്‌ലീസ്. ഖലീഫ എന്ന അർഥത്തിലുള്ള വ്യക്തിയുടെ സ്വത്വത്തെയും സമൂഹത്തിന്റെയും നാഗരികതയുടെയും നിലനിൽപ്പിനെയും നാശത്തിലേക്ക് ആപതിപ്പിക്കുക എന്നതാണ് അവൻ ലക്ഷ്യമാക്കുന്നത്. തെറ്റായ രീതിയിലുള്ള വികാസത്തിലേക്കും വളർച്ചയിലേക്കും വഴി തെറ്റിച്ചുകൊണ്ട് ഐഹികവും പാരത്രികവുമായ നാശത്തിലേക്ക് വ്യക്തിയുടെ ജീവിതത്തെയും സമൂഹത്തിന്റെ പരിണാമത്തെയും നാഗരികവളർച്ചയെയും കൊണ്ടെത്തിക്കുക എന്നതാണ് അവൻ ലക്ഷ്യമാക്കുന്നത്. മലക്കുകൾ നേരത്തേ ആശങ്കപ്പെട്ട രണ്ട് കെടുതികൾ മനുഷ്യരെക്കൊണ്ടുതന്നെ ഉണ്ടാക്കിയെടുക്കാൻ അവൻ കിണഞ്ഞു പരിശ്രമിക്കുന്നു. തെറ്റായ രീതിയിലുള്ള നാഗരികവികാസത്തെയാണ് ജാഹിലിയ്യത്ത് പ്രതിനിധാനം ചെയ്യുന്നത്. സൃഷ്ടിലോകത്തിന്റെ അകക്കാമ്പായ ഹഃഖിനെ അഭിമുഖീകരിക്കുമ്പോൾ, പാറയിൽ തട്ടിത്തകരുന്ന തിരമാലകളെപ്പോലെ ഇത് തകർന്നു തരിപ്പണമാവുകതന്നെ ചെയ്യും. ഖിലാഫത്തിന്റെ വ്യക്തിപരവും നാഗരികവുമായ ആവിഷ്കാരത്തിന് വിജ്ഞാനം എത്രത്തോളം സുപ്രധാനമാണോ അത്രത്തോളം തന്നെ പ്രധാനപ്പെട്ടതാണ് പൈശാചികപ്രേരിതമായ ജാഹിലിയ്യത്തിന്റേതായ വ്യക്തിവികാസത്തിനും നാഗരികതയുടെ സൃഷ്ടിപ്പിനും അതിനിണങ്ങിയ വിജ്ഞാനങ്ങൾ. ഇത്തരം വിജ്ഞാനങ്ങളുടെ 'ജ്ഞാനനിർമാണശാസ്ത്രത്തി'ലേക്ക് നമ്മുടെ ശ്രദ്ധ തിരിയേണ്ടതുണ്ട്. പിശാച് മനുഷ്യന് സുജൂദ് ചെയ്യാതിരിക്കുന്നതിന് വൈജ്ഞാനികമായ ഒരു ന്യായം ഉന്നയിക്കുന്നുണ്ടല്ലോ "എന്നെ തീകൊണ്ടാണ് സൃഷ്ടിച്ചത്, മനുഷ്യനെ മണ്ണുകൊണ്ടും, അതിനാൽ ഞാൻ അവനേക്കാൾ ഉത്കൃഷ്ടനാണ്" എന്ന സിദ്ധാന്തം അവതരിപ്പിച്ചുകൊണ്ടാണ് പിശാച് ദൈവധിക്കാരത്തിന് മുതിർന്നത്. ഇത്തരം കുയുക്തികൾ ആധുനികവിജ്ഞാനത്തിലുമുണ്ട്. ഈ വിജ്ഞാനത്തിൽനിന്നുത്ഭവിക്കുന്ന ക്രമങ്ങളും വ്യവസ്ഥകളും ഭൂമിയിൽ കഴുപ്പവും രക്തംചിന്തലും മാത്രമേ ആത്യന്തികമായി ഉണ്ടാക്കുന്നുള്ളൂ. മനുഷ്യത്വത്തിന്റെ ഏറ്റവും സുപ്രധാന ഗുണമായ അറിവ് തന്നെയാണ് ഇസ്‌ലാമികദൃഷ്ട്യാ പിശാചിനെതിരെയും പൈശാചികപ്രേരിതമായ സകല തിന്മകൾക്കെതിരെയുമുള്ള പോരാട്ടത്തിലെ ഏറ്റവും ശക്തമായ പ്രതിരോധം. ഈ അറിവിന്റെ അട്ടിമറിയാണ് ആധുനികമനുഷ്യൻ നേരിടുന്ന പ്രതിസന്ധി.

വൈവിധ്യങ്ങളുടെ സംയോജനത്തെയാണ് മനുഷ്യത്വത്തിന്റെ അന്തസ്സത്തയായ ഖിലാഫത്ത് പ്രതിനിധാനം ചെയ്യുന്നത്. ഈ വാക്കിൽതന്നെ ഏകതയുടെയും വൈവിധ്യത്തിന്റെയും അർഥങ്ങൾ ഉൾച്ചേർന്നിരിക്കുന്നു. ഏകത്വത്തിൽനിന്നുത്ഭൂതമാവുന്ന വൈവിധ്യവും വൈവിധ്യങ്ങളുടെ പരസ്പര പൊരുത്തവും ആശ്രിതത്വവുമാണ് ശരിയായ അറിവിന്റെയും അധികാരത്തിന്റെയും ആധാരം. തിരിച്ചറിവിന്റെ മുന്നുപാധിയായാണ് ഖുർആൻ വൈവിധ്യത്തെ അവതരിപ്പിക്കുന്നത്. അതോടൊപ്പംതന്നെ ഏകതയെ മറന്നുപോകരുത് എന്ന് ഓർമപ്പെടുത്തുകയും ചെയ്യുന്നു:

മനുഷ്യത്വത്തിന്റെ ഏറ്റവും സുപ്രധാന ഗുണമായ അറിവ് തന്നെയാണ് ഇസ്‌ലാമികദൃഷ്ട്യാ പിശാചിനെതിരെയും പൈശാചികപ്രേരിതമായ സകല തിന്മകൾക്കെതിരെയുമുള്ള പോരാട്ടത്തിലെ ഏറ്റവും ശക്തമായ പ്രതിരോധം. ഈ അറിവിന്റെ അട്ടിമറിയാണ് ആധുനികമനുഷ്യൻ നേരിടുന്ന പ്രതിസന്ധി.

"മനുഷ്യസമൂഹമേ! നിങ്ങളെ നാം ഒരാണിൽനിന്നും പെണ്ണിൽനിന്നുമാണ് സൃഷ്ടിച്ചിട്ടുള്ളത്. പിന്നീട് നിങ്ങളെ വ്യത്യസ്ത ഗോത്രങ്ങളും വംശങ്ങളുമാക്കി; നിങ്ങൾ പരസ്പരം തിരിച്ചറിയാൻ. നിങ്ങളിൽ ദൈവത്തിന്റെയടുക്കൽ ആദരണീയൻ തഖ്‌വയുള്ളവനാണ്......" (*അൽഹുജുറാത്ത്*: 13).

ഏകത്വത്തെയും വൈജാത്യത്തെയും കുറിച്ച ശരിയായ തിരിച്ചറിവ് മനുഷ്യന് അത്യന്താപേക്ഷിതമാണ്. വൈവിധ്യങ്ങളിലൂടെയാണ് സൃഷ്ടിലോകത്തിലെ പരസ്പര ബന്ധങ്ങളും ധർമങ്ങളും അവകാശങ്ങളും നിർണയിക്കപ്പെട്ടിട്ടുള്ളത്. ഇവയും *ഹഃഖ്* എന്ന വാക്കുപയോഗിച്ചുതന്നെയാണ് വിളിക്കപ്പെടുന്നത്. വളർച്ച വൈവിധ്യമില്ലാതെ സാധ്യമല്ല. ആധുനികനാഗരികതയിലെ മുഖ്യപ്രശ്നം, വൈവിധ്യവും ഏകതയും തമ്മിലുള്ള സംഘട്ടനമാണ്. ഈ വ്യവസ്ഥിതിക്ക് വിധേയമായ പ്രാദേശിക തനിമകളും ആഗോളസ്വഭാവത്തിലുള്ള അതിന്റെ ഏക അധികാരക്രമവും തമ്മിലുള്ള സംഘർഷം മൂർഛിച്ചുകൊണ്ടിരിക്കുകയാണ്. ദൈവനിർണിതമായ, പ്രകൃതിപരമായ വൈവിധ്യങ്ങളെ നശിപ്പിച്ചുകൊണ്ടാണ് ഈ ഭൗതികനാഗരികത ലോകത്തെ കീഴ്പ്പെടുത്താൻ ശ്രമിക്കുന്നത്. ഇതിനെതിരെയുള്ള ഏകത്വത്തെ നിരാകരിക്കുന്ന പ്രതിരോധങ്ങളും അസ്വീകാര്യമാണ്. പ്രകൃതിപരമായ വൈവിധ്യങ്ങളെ ഇല്ലായ്മചെയ്യാൻ ശ്രമിക്കുന്ന ക്രമങ്ങളും പ്രകൃതിപരമല്ലാത്ത വൈവിധ്യങ്ങളെ ഉണ്ടാക്കാൻ ശ്രമിക്കുന്നവയും, അതുപോലെത്തന്നെ പ്രകൃതിപരമായ ഏകത്വത്തെ നിരാകരിക്കുന്നവയും പ്രകൃതിപരമല്ലാത്ത ഏകത്വത്തെ അടിച്ചേൽപിക്കുന്നവയും പൈശാചികമാണ്. ആധുനികനാഗരികതയിൽ ഈ നാല് പ്രതിലോമപരമായ പ്രക്രിയകളെയും കാണാൻ സാധിക്കും. മനുഷ്യന്റെ അന്തസ്സത്തയായ ഖിലാഫത്താണ്, ദൈവികമാർഗദർശനത്തിനനുസൃതമായി ആവിഷ്കൃതമാവുന്നതെങ്കിൽ, ദൈവികദീനിന്റെ മൂലതത്ത്വമായ അല്ലാഹുവിന് വഴിപ്പെടുക (ഇബാദത്ത്) എന്നതിന്റെ അടിസ്ഥാനത്തിൽ അല്ലാഹു അനുവദിച്ച എല്ലാ വൈവിധ്യങ്ങളും സൃഷ്ടിലോകത്തിൽ നിലനിൽക്കും. പ്രകൃതിപരമല്ലാത്ത എല്ലാ വ്യത്യാസങ്ങളെയും ഇല്ലായ്മചെയ്യാനും സാധിക്കും. മനുഷ്യൻ സ്വന്തം പ്രകൃതം (ഫിത്വ്റഃ) തിരിച്ചറിയുന്നതിലാണ് സഹവർത്തിത്വത്തിന്റെയും വിമോചനത്തിന്റെയും സാധ്യതകൾ കുടികൊള്ളുന്നത്. ■